**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3283** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ബസുകളുടെ ഫിറ്റ്നസ് ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ബസ്സുകൾ ഓടുന്നതിനിടയിൽ തീ പിടിക്കുന്നതും വാഹനത്തിന്റെ തകരാർ മൂലവും അലക്ഷ്യമായ ഡ്രൈവിംഗ് മൂലവും അപകടത്തിൽപ്പെടുന്നതും സംബന്ധിച്ച റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ അക്കാദമിക വർഷവും ഇത്തരത്തിലുള്ള എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | സ്കൂൾ ബസുകൾ ഓടുന്നതിനിടയിൽ തീപിടിക്കുന്നതും വാഹനത്തിന്റെ തകരാർ മൂലവും അലക്ഷ്യമായ ഡ്രൈവിംഗ് മൂലവും അപകടത്തിൽപ്പെടുന്നതും സംബന്ധിച്ചുള്ള റിപ്പോർട്ടുകളെ തുടർന്ന് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ഊർജിത നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കാറുണ്ട്. ഓരോ അദ്ധ്യയന വർഷത്തിനു മുൻപ് സ്കൂൾ കുട്ടികളുടെ സുരക്ഷ മുൻനിർത്തി സ്കൂൾ ബസുകളുടെ ഫിറ്റ്നസ് പരിശോധന കർശനമാക്കുകയും വാഹനങ്ങൾ തീ പിടിക്കുന്നത് ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള സുരക്ഷാ ക്രമീകരണങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുന്ന പരിശോധനയും ജി പി.എസ് സംവിധാനം ഘടിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ഡ്രൈവർമാർക്ക് സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും മദ്യപിച്ച് വാഹനമോടിച്ചതിനോ അമിത വേഗതയിൽ വാഹനമോടിച്ചതിനോ ഇൻഡ്യൻ പീനൽ കോഡിലെ സെക്ഷൻ 279, 337, 338, 304 എ എന്നീ വകുപ്പുകൾ പ്രകാരം അപകടകരമായി വാഹനമോടിച്ചതിനോ ഒരിക്കലെങ്കിലും ശിക്ഷിക്കപ്പെട്ടവരേയും സ്കൂൾ വാഹനത്തിന്റെ ഡ്രൈവർമാരായി നിയമിക്കരുതെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ അക്കാദമിക വർഷവും ഇത്തരത്തിലുള്ള എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തു എന്ന വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | സ്കൂൾ ബസുകളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിനും സുരക്ഷിത ഡ്രൈവിംഗ് ഉറപ്പാക്കുന്നതിനും ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിനും ഉൾപ്പെടെ എന്തൊക്കെ നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) | സ്കൂൾ ബസ്സുകളിൽ കയറ്റാവുന്ന കുട്ടികളുടെ എണ്ണം, വാഹനത്തിന്റെ ഫിറ്റ്നസ് മുതലായവ സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓട്ടോ, ടാക്സി, വാൻ, പ്രൈവറ്റ് ബസ് എന്നിവയിൽ സുരക്ഷാമാന ദണ്ഡങ്ങൾ പാലിച്ചുള്ള യാത്ര ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ/ |

| | | | |
|---|---|---|---|
| | | | അസോസിയേഷനു മായി ബന്ധപ്പെട്ട് ചർച്ച നടത്തി ആവശ്യമായ നടപടികൾ എടുക്കാൻ നിർദേശം നൽകിയിട്ടുണ്ട്. കുട്ടികളുടെ ബസ് യാത്രയിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് കൃത്യമായ സ്റ്റോപ്പുകളിൽ കുട്ടികൾക്ക് ഇറങ്ങുന്നതിനും കയറുന്നതിനും ആവശ്യമായ സമയം നൽകുന്നുണ്ടെന്നും, ബസിന്റെ ഫുട്ബോഡിൽ നിന്ന് കുട്ടികൾ യാത്ര ചെയ്യുന്നുണ്ടെങ്കിൽ നടപടി കളെടുക്കാൻ ബന്ധപ്പെട്ട അധികാരി കളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾ സഞ്ചരിക്കുന്ന വാഹന ങ്ങളിലെ ജീവനക്കാരുടെ സ്വഭാവം വിലയിരുത്തി, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ അധികാരികളുമായി ബന്ധപ്പെടാൻ നിർദ്ദേശിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികളുടെ യാത്രാ സമയങ്ങളിൽ ചരക്ക് വാഹനങ്ങൾ ഉൾപ്പെടെയുള്ള ഹെവിവാഹനങ്ങളുടെ നിയന്ത്രണം ബന്ധപ്പെട്ട അധികാരികൾ ഉറപ്പു വരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ